# തിരുവെഴുത്തും പ്രവചനവും

**ശബ്ബത്ത് സായാഹ്നം മേയ് 27**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശയ്യാവ് 53:1–12; ദാനീയേൽ 7:13,14; 2 പത്രൊസ് 1:16–20; മത്തായി 17:1–6; 2 തിമൊഥെയൊസ് 3:15–17.**

**മനഃപാഠവാക്യം: "പ്രവാചകവാക്യവും അധികം സ്ഥിരമായി നമുക്കുണ്ട്. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുകയും ചെയ്വോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നന്നു" (2 പത്രൊസ് 1:19).**

പത്രൊസിന്റെ എഴുത്തുകൾ പഠിക്കുന്നതു നാം തുടരുമ്പോൾ, ഒരു കാര്യം മുന്നിട്ടു നില്ക്കണം: അവനെഴുതുന്നതിൽ പത്രൊസ് എത്ര ഉറപ്പും ആത്മവിശ്വാസവും ഉള്ളവനാണെന്നത്. ഇതേകാര്യം നമുക്ക് പൗലൊസിനെക്കുറിച്ചും കാണാം: ക്രൂശിനെയും യേശുക്രിസ്തുവിനെയും കുറിച്ച് അവർ പ്രഖ്യാപിക്കുന്നതിൽ അവർ വിളിച്ചു പറയുന്നതിൽ ഉറപ്പും വ്യക്തതയും.

ഈ ആഴ്ചയിലേക്കുള്ള വാക്യങ്ങളിൽ പത്രൊസിൽ നാം കൂടുതൽ ഉറപ്പ് ദർശിക്കും. അവനെന്തുകൊണ്ട് അത്ര ഉറപ്പുള്ളതെന്നും അവൻ പറയുന്നു. അവൻ "നിർമിതകഥകളെ"(2 പത്രൊസ് 1:16) പറഞ്ഞു എന്നു നാം വിശ്വസിക്കുന്നില്ല. ആ കാലത്തെ വിഗ്രഹാരാധന മതങ്ങളിൽ ഉൾപ്പെട്ടിരുന്നതുപോലെ പകരം, രണ്ടു കാരണങ്ങളാൽ അവൻ പറഞ്ഞതിൽ പത്രൊസിന് ഉറപ്പുണ്ടായിരുന്നു.

ഒന്നാമതായി, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ" (2 പത്രൊസ് 1:8) ദൃക്സാക്ഷിയായിരുന്നു അവൻ. എന്നാൽ രണ്ടാമതായും, ഒരുപക്ഷെ കൂടുതൽ പ്രധാനമായും (കാരണം മറ്റുള്ളവരൊന്നും ഒരു ദൃക്സാക്ഷിയായിരിക്കില്ല), "പ്രവാചകവാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ടു" (2 പത്രൊസ് 1:19).

യേശുവിനെക്കുറിച്ചുള്ള ശരിയായ ഉറപ്പിന്, തിരുവെഴുത്തുകളെ ചൂണ്ടിക്കാട്ടി, പത്രൊസ് വീണ്ടും ബൈബിളിലേക്ക് തിരികെ പോകുന്നു, പ്രത്യേകിച്ച് അവനെക്കുറിച്ച് സംസാരിക്കുന്ന പ്രവചനഭാഗങ്ങൾ. യേശു അവനെക്കുറിച്ച് തന്നെ പരാമർശിച്ച അതേ ഭാഗങ്ങളാണെന്നതിൽ യാതൊരു സംശയവുമില്ല (മത്തായി 26:54; ലൂക്കൊസ് 24:27). അപ്പോൾ യേശുവും പത്രൊസും ബൈബിളിനെ ഇത്ര ഗൗരവമായി എടുത്തുവെങ്കിൽ, മറ്റൊരു രീതിയിൽ ചെയ്യുവാൻ നാമെങ്ങനെ ധൈര്യപ്പെടും?

**ഞായർ മേയ് 28**

**യേശു പഴയനിയമത്തിൽ**

അവന്റെ ലേഖനങ്ങളിൽ ഉടനീളം, പത്രൊസ് ഒരു ഉറപ്പിന്റെ ബോദ്ധ്യത്തോടെയാണ് എഴുതുന്നത്. അവൻ എന്താണ് പറയുന്നതെന്ന് അവനറിയാം. കാരണം

അവൻ ആരെക്കുറിച്ചാണ് പറയുന്നതെന്നും അവനറിയാം. അതിൽ ഒരു കാരണം പഴയനിയമ പ്രവചനങ്ങൾ ചൂണ്ടിക്കാണിച്ചത് യേശുവിനെയാണെന്ന് അവനറിയാമായിരുന്നു എന്നതാണ്. വചനം ജഡമായതിനെ (യോഹന്നാൻ 1:14) അറിയുവാൻ അവനെ സഹായിച്ചത് എഴുതപ്പെട്ട വചനത്തിലുള്ള പത്രൊസിന്റെ വിശ്വാസമാണ്.

1 പത്രൊസ് 1:10-12 ൽ, പത്രൊസ് തന്റെ വായനക്കാരെ എബ്രായ ബൈബിളിലേക്കും, പഴയകാല പ്രവാചകന്മാരിലേക്കും, അവർ യേശുവിനെക്കുറിച്ച് എന്തു പഠിപ്പിച്ചു എന്നതിലേക്കും ചൂണ്ടിക്കാണിക്കുന്നു. പത്രൊസിന്റെ അഭിപ്രായപ്രകാരം, യേശുവിനെക്കുറിച്ചുള്ള രണ്ട് സുപ്രധാന സത്യങ്ങൾ പരിശുദ്ധാത്മാവ് പഴയനിയമത്തിൽ വെളിപ്പെടുത്തുന്നു. ക്രിസ്തുവിന്റെ കഷ്ടപ്പാടും തുടർന്നുണ്ടാകാവുന്ന മഹത്വങ്ങളും (1 പത്രൊസ് 1:11). ഈ രണ്ട് ഇഴകളും എബ്രായ ബൈബിളിൽ ഉടനീളം കാണാൻ കഴിയും.

**യേശുവിനെ സംബന്ധിച്ച് പഴയനിയമം പ്രവചിച്ച എന്തുകാര്യമാണ് ഈ വാക്യങ്ങളൊക്കെ ഒത്തുചേർന്ന് പഠിപ്പിക്കുന്നത്? സങ്കീ. 22; യെശയ്യാവ് 53:1-12; സെഖര്യാവ് 12:10; 13:7; യിരെമ്യാവ് 33:14,15; ദാനിയേൽ 7:13,14.**

1 പത്രൊസ് 1:10-12 ൽ രക്ഷാചരിത്രത്തിൽ അവർ ഒരു വളരെ പ്രത്യേക സ്ഥാനം വഹിക്കുന്നു എന്ന് പത്രൊസ് അവന്റെ വായനക്കാർക്ക് ഉറപ്പ് നല്കുന്നു. പഴയകാല പ്രവാചകന്മാർക്ക് വെളിവാക്കിക്കൊടുത്തതിനേക്കാൾ അധികം അവർക്ക് വെളിപ്പെടുത്തിയിരിക്കുന്നു. നിശ്ചയമായും പ്രവാചകന്മാർ അവരുടെ കാലഘട്ടത്തിലേക്കാണ് സംസാരിച്ചത്, എന്നാൽ അവരുടെ ദൂതുകളുടെ സുപ്രധാന ഭാഗങ്ങൾ യേശു വരുന്നതുവരെ നിവൃത്തിയാകില്ല.

പത്രൊസിന്റെ വായനക്കാർ അന്നു ജീവിച്ചിരുന്ന ആ കാലഘട്ടത്തിൽ മാത്രമാണ് പ്രവാചകന്മാർ പ്രവചിച്ച ചില കാര്യങ്ങൾ സത്യമായത്. ദൂതന്മാർ പോലും കേൾക്കുവാൻ ആഗ്രഹിച്ച "സ്വർഗത്തിൽ നിന്നു അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോട് സുവിശേഷം അറിയിച്ചവർ"(1 പത്രൊസ് 1:12). സത്യങ്ങൾ കേൾക്കുവാൻ ഈ വായനക്കാർക്ക് സാധിച്ചു. സുവിശേഷം അവരോട് പ്രസംഗിച്ചു കഴിഞ്ഞപ്പോൾ, രക്ഷകന്റെ മാനഹാനിയുടെയും കഷ്ടപ്പാടിന്റെയും പ്രകൃതവും യാഥാർത്ഥ്യവും പഴയകാല പ്രവാചകന്മാരെക്കാൾ വിശദമായി ജനങ്ങൾ അറിഞ്ഞു. നിശ്ചയമായും അവരും നമ്മെപ്പോലെ തന്നെ"പിൻവരുന്ന മഹിമയെ"(1 പത്രൊസ് 1:11) കാത്തിരിക്കേണ്ടതുണ്ട്. ആ പ്രവചനങ്ങളുടെ ആദ്യഭാഗം നിവൃത്തിയായതുകൊണ്ട്, അവസാന ഭാഗത്തെക്കുറിച്ചും നമുക്കുറപ്പാണ്.

**എന്ത് ബൈബിൾ വാഗ്ദത്തങ്ങളാണ് നിങ്ങളുടെ ജീവിതത്തിൽ നിവൃത്തിയായി കണ്ടിട്ടുള്ളത്?**

**എന്തിനൊക്കെ വേണ്ടിയാണ് നിങ്ങൾ ഇപ്പോഴും കാത്തിരിക്കുന്നത്; അവ നിങ്ങൾക്ക് എന്ത് അർത്ഥമാക്കുന്നു; എന്തുഭവിച്ചാലും അവയെ മുറുകെപ്പിടിക്കാൻ നിങ്ങൾക്ക് എങ്ങനെ പഠിക്കാൻ കഴിയും?**

## മഹിമയുടെ ദൃക്സാക്ഷികൾ

**2 പത്രൊാസ് 1:16-18 വായിക്കുക. യേശുവിലുള്ള അവന്റെ വിശ്വാസത്തിനു മറ്റെന്ത് തെളിവ് അവനുണ്ടെന്നാണ് പത്രൊാസ് പറയുന്നത്?**

പ്രവചനവാക്കു കൂടാതെ, അവൻ പ്രസംഗിച്ച അനേകം കാര്യങ്ങൾക്കു പത്രൊാസ് ദൃക്സാക്ഷിയായിരുന്നു. അവൻ പറഞ്ഞു: ക്രിസ്ത്യാനിത്വം "നിർമ്മിതകഥകളിൽ" (2 പത്രൊാസ് 1:16) കെട്ടിപ്പടുത്തതല്ല, പിന്നെയോ ചരിത്രത്തിൽ സംഭവിച്ച യഥാർത്ഥ സംഭവങ്ങളിൽ അവൻതന്നെ സാക്ഷിയായിരുന്ന സംഭവങ്ങൾ. സുവിശേഷങ്ങളിൽ, യേശുവിന്റെ ശുശ്രൂഷയിലെയും ജീവിതത്തിലെയും സുപ്രധാന സംഭവങ്ങളിൽ മിക്കതിലും പത്രൊാസ് ഉണ്ടായിരുന്നു. മീനിന്റെ (ലൂക്കൊസ് 5:4-6) അദ്ഭുതത്തിൽ നിന്ന് അവന്റെ പുനരുത്ഥാനത്തിനു (യോഹന്നാൻ 21:15) ശേഷം ഗലീലയിൽ യേശുവിനെ കാണുന്നതു വരെ. സംഭവിച്ചതിൽ മിക്കതിനും പത്രൊാസ് ഒരു ദൃക്സാക്ഷിയായിരുന്നു.

**2 പത്രൊാസ് 1:17,18 വായിക്കുക. അവൻ വ്യക്തിപരമായി കണ്ടതിൽ ഏത് സംഭവത്തിലാണ് പത്രൊാസ് പ്രത്യേകമായ ശ്രദ്ധ കേന്ദ്രീകരിച്ചത്? ആ സംഭവത്തിന്റെ പ്രത്യേക പ്രാധാന്യം എന്തായിരുന്നു?**

പത്രൊാസ് ദൃക്സാക്ഷിയായ ഒരു പ്രത്യേക സംഭവം പ്രമുഖമാക്കിക്കാണിക്കുന്നു: യേശുവിന്റെ രൂപാന്തരം പ്രാർത്ഥിക്കുന്നതിനായി ഒരു മലയുടെ മുകളിലേക്ക് യേശു പത്രൊാസിനെയും, യാക്കോബിനെയും, യോഹന്നാനെയും കൂട്ടിക്കൊണ്ടുപോയി (ലൂക്കൊസ് 9:28). അവരോടൊത്ത് അവിടെ ആയിരിക്കുമ്പോൾ തന്നെ അവരുടെ കൺമുൻപിൽ യേശു രൂപാന്തരപ്പെട്ടു. അവന്റെ മുഖം ശോഭിച്ചു. അവന്റെ വസ്ത്രം വെളിച്ചംപോലെ വെള്ളയായിത്തീർന്നു (മത്തായി 17:2; ലൂക്കൊസ് 9:29). അവനോടൊത്ത് മോശെയും, ഏലിയാവും വന്നുചേർന്നു. സ്വർഗത്തിൽ നിന്നും ഒരു ശബ്ദം ഇങ്ങനെ പറഞ്ഞു: "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്തായി 17:5).

യേശുവിന്റെ കൂടെയുള്ള അവന്റെ സമയത്ത് പത്രൊാസ് വളരെയധികം കണ്ടിട്ടുണ്ട്: എന്നിരുന്നാലും ഈ സംഭവം വേറിട്ടുനില്ക്കുന്നു. അത് യേശുവിനെ ദൈവപുത്രനായി വെളിപ്പെടുത്തുന്നു. ഭൂമിയിലുള്ള അവന്റെ സമയം ദൈവപദ്ധതി പ്രകാരം ചിലവഴിക്കപ്പെട്ടതാണെന്നും, അവന് പിതാവുമായി ഒരു പ്രത്യേക ബന്ധമുണ്ടെന്നും അത് കാണിച്ചു. പത്രൊാസ് കണ്ടതും കാണാതിരിക്കുന്നതുമായ എല്ലാത്തിലുംവച്ച്, "സ്വർഗത്തിൽ നിന്നും ഈ ശബ്ദം ഉണ്ടായതു കേട്ടു" (2പത്രൊാസ് 1:18) എന്നത് ഉൾപ്പെട്ടിരുന്നതിലാണ് ഈ കത്തിൽ അവൻ ശ്രദ്ധ കേന്ദ്രീകരിച്ചത്.

**നിങ്ങളുടെ വിശ്വാസത്തിലും ആത്മീയ ജീവിതത്തിലും ആഴത്തിലുള്ളതും നിലനില്ക്കുന്നതുമായ മതിപ്പ് ഉണ്ടാക്കിയ എന്ത് സംഭവം അല്ലെങ്കിൽ സംഭവങ്ങളെക്കുറിച്ച് ചിന്തിക്കുക. എന്തായിരുന്നു അത്? അത് നിങ്ങളെ എങ്ങനെ**

**സ്വാധീനിച്ചു; അത് ഇന്നും നിങ്ങൾക്ക് എന്ത് അർത്ഥമാകുന്നു? അതുണ്ടാക്കിയ സ്വാധീനം എന്തുകൊണ്ടാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? ശബ്ബത്തിൽ നിങ്ങളുടെ ഉത്തരം ക്ലാസിൽ പങ്കുവയ്ക്കുക.**

**ചൊവ്വ** **മേയ് 30**

**നമ്മുടെ ഹൃദയങ്ങളിലെ പ്രഭാതനക്ഷത്രം**

**"പ്രവാചകവാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ട്. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുകയും ചെയ്വോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നല്ലത്" (2 പത്രൊസ് 1:19) ഈ വാക്യം ശ്രദ്ധയോടെ വായിക്കുക.**

**ഇന്നും നമുക്കു വളരെ പ്രധാനമായ എന്താണ് പത്രൊസ് പറയുന്നത്?**

ഇവിടെ നമുക്കു ബൈബിളിൽ അനേകം സ്ഥലങ്ങളിൽ കാണുന്നതുപോലെ (ഉല്പത്തി 1:4; യോഹന്നാൻ 1:5; യെശയ്യാവ് 5:20; എഫെസ്യർ 5:8). വെളിച്ചവും അന്ധകാരവും തമ്മിൽ ഒരു വിഭജനം നടത്തിയിരിക്കുകയാണ്. പത്രൊസിന് ദൈവവചനം "ഇരുട്ടുള്ള" സ്ഥലത്ത് പ്രകാശിക്കുന്ന ഒരു വെളിച്ചം പോലെ പ്രകാശിച്ചു (ചിലർ "ഇരുട്ടുള്ള" എന്നതിനെ "വൃത്തികെട്ട" "ചേറുപുരണ്ട" എന്നും തർജമ ചെയ്തിട്ടുണ്ട്). അതുകൊണ്ടാണ് നാം ആ വെളിച്ചത്തിനു ശ്രദ്ധ കൊടുക്കണം" എന്ന കാര്യത്തിൽ അവന് വളരെ വ്യക്തതയുള്ളത്. "നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുവോളം" അതിനെ പിന്തുടരാൻ ആവശ്യപ്പെടുന്നത്. നാം വീഴ്ച ഭവിച്ച ജീവികളാണ്. ഇരുണ്ടതും വീഴ്ച ഭവിച്ചതുമായ ലോകത്തിൽ ജീവിക്കുന്നു. ഈ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നമ്മെ നയിക്കുവാൻ നമുക്ക് ദൈവത്തിന്റെ അമാനുഷികശക്തി ആവശ്യമാണ്. ആ വെളിച്ചം യേശുവാണ്.

പത്രൊസ് അവന്റെ വായനക്കാരെ ഒരു ലക്ഷ്യത്തിലേക്ക് ചൂണ്ടിക്കാണിക്കുകയാണ്. "നേരം വെളുക്കുക" എന്ന പ്രയോഗം യേശുവിന്റെ രണ്ടാംവരവിനെ സൂചിപ്പിക്കുന്നു എന്ന് ചിലർ വിശ്വസിക്കുന്നു. നിശ്ചയമായും അതുതന്നെയാണ് നമ്മുടെ ആത്യന്തിക പ്രത്യാശയെങ്കിലും "പ്രഭാതനക്ഷത്രം" നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുക എന്ന ആശയം കൂടുതൽ വ്യക്തിപരവും കൂടുതൽ ഉടനെയുള്ളതായും ധ്വനിക്കുന്നു. പ്രഭാതനക്ഷത്രം യേശുവിനെ സൂചിപ്പിക്കുന്നു (വെളിപ്പാട് 2:28; 22:16). അവൻ അവരുടെ ഹൃദയങ്ങളിൽ ഉദയം ചെയ്യുക എന്നത് യേശുവിനെക്കുറിച്ച് അറിയുന്നതാണെന്ന് തോന്നുന്നു. അവനെ പൂർണമായി സ്വീകരിക്കുകയും ജീവനുള്ള ക്രിസ്തുവിന്റെ യാഥാർത്ഥ്യം അവരുടെ സ്വന്തം ജീവിതങ്ങളിൽ അനുഭവിക്കുകയും ചെയ്ക. യേശു വെറുമൊരു താത്ത്വികമായസത്യമായിരിക്കരുത്. അവൻ നമ്മുടെ നിലനില്പിന്റെ കേന്ദ്രവും നമ്മുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഉറവിടവും ആയിരിക്കണം. അതിനാൽ, ദൈവവചനം പഠിക്കുന്നതും രക്ഷാകരമായ ഒരു ബന്ധം "ഉദയനക്ഷത്രമായ" യേശുവുമായി ഉണ്ടായിരിക്കുന്നതും തമ്മിലുള്ള വ്യക്തമായ ബന്ധം പത്രൊസ് സ്ഥാപിക്കുകയാണ്.

കൂടാതെ നിശ്ചയമായും, നമ്മുടെ ഉള്ളിൽ വെളിച്ചം പ്രകാശിക്കുമ്പോൾ, നാം അത് മറ്റുള്ളവരിലേക്ക് പരത്തും. "ലോകം മുഴുവൻ ദൈവത്തിന്റെ സത്യത്തിന്റെ

മഹിമയാൽ പ്രകാശിതമാകേണ്ടതാണ്. ആ വെളിച്ചം എല്ലാ ജനങ്ങളിലും എല്ലാ നാടുകളിലും വിളങ്ങേണ്ടതാണ്. വെളിച്ചം ലഭിച്ചതിൽ നിന്നാണ് അത് മുമ്പോട്ട് പ്രകാശിക്കേണ്ടത്. പ്രഭാത നക്ഷത്രം നമ്മുടെ മേൽ ഉദിച്ചു കഴിഞ്ഞു, നാം അതിന്റെ വെളിച്ചം അന്ധകാരത്തിലിരിക്കുന്നവരുടെ വഴികളിൽ ചൊരിയേണ്ടതാണ്." EGW, Christian Experience and Teaching of EGW, p. 220.

**യേശുവിനെ കൂടുതൽ മെച്ചമായി അറിയുവാൻ നിങ്ങളുടെ സ്വന്തം വചന പഠനം നിങ്ങളെ എങ്ങനെ സഹായിക്കുന്നു?**

**ബുധൻ** **മേയ് 31**

## പ്രവചനത്തിന്റെ കൂടുതൽ ഉറപ്പുള്ള വാക്ക്

**2 പത്രൊസ് 1:19-21 വായിക്കുക. എന്ത് പ്രവചനങ്ങളെയാണ് പത്രൊസ് പ്രതിപാദിക്കുന്നത്? തിരുവെഴുത്തിന്റെ ഒരു പ്രവചനവും സ്വകാര്യമായ വ്യാഖ്യാനത്തിലുള്ളതല്ല എന്ന് പറയുമ്പോൾ പത്രൊസ് എന്താണ് അർത്ഥമാക്കുന്നത്?**

ക്രിസ്ത്യാനിത്വം നിർമ്മിത കഥകളിലല്ല അടിസ്ഥാനപ്പെട്ടിരിക്കുന്നത് (2 പത്രൊസ് 1:16) എന്ന് ഊന്നിപ്പറയുമ്പോൾ, പത്രൊസ് രണ്ട് വരികൾ തെളിവിനായി നല്കുന്നു: ഒന്ന്, ദൃക്സാക്ഷി (2 പത്രൊസ് 1:16-18); രണ്ട്, തിരുവെഴുത്തിലെ പ്രവചനങ്ങൾ (2 പത്രൊസ് 1:19-21); അവൻ മുൻപ് ഉപയോഗിച്ച ഒരു വാദഗതി(1 പത്രൊസ് 1:10-12). പത്രൊസ് ഇതുകൂടി പറയുന്നു: "ഒരു പ്രവചനവും സ്വകാര്യ വ്യാഖ്യാനത്താലുള്ളതല്ല"(2 പത്രൊസ് 1:20). ഇത് പറയുന്നതിലൂടെ നാം സ്വയമായി തിരുവെഴുത്തുകൾ പഠിക്കരുതെന്ന് വിലക്കുകയല്ല പത്രൊസ്. 1 പത്രൊസ് 1:13 ൽ "നിങ്ങളുടെ മനസ്സ് ഉറപ്പിച്ചു" അല്ലെങ്കിൽ "നിങ്ങളുടെ മനസ്സുകളെ ഒരുക്കുക"എന്നു പറയുന്ന പത്രൊസിന്റെ ചിന്തകളിൽ നിന്ന് വളരെ അകലെയാകും അത്. അവർക്കു നല്കപ്പെട്ട പ്രവചനങ്ങളുടെ അർത്ഥം ശുഷ്കാന്തിയോടെ പരിശോധിച്ചതിന് പഴയകാല പ്രവാചകന്മാരെ ശുപാർശ ചെയ്ത ഒരുവനാലും ഇത് പറയുവാൻ കഴികയില്ല (1 പത്രൊസ് 1:10). പിന്നെ എന്താണ് പത്രൊസ് അർത്ഥമാക്കിയത്?

പുതിയനിയമസഭ ഒരുമിച്ച് പഠിക്കുകയും ഒരുമിച്ച് പുരോഗമിക്കുകയും ചെയ്തു. ക്രിസ്ത്യാനികൾ ഒരു കൂടുതൽ വലിപ്പമുള്ള ശരീരത്തിന്റെ ഭാഗമാണ് (1 കൊരിന്ത്യർ 12:12-14). വിശ്വാസസമൂഹത്തിന്റെ ഉൾക്കാഴ്ചകൾ ഏതിനെയും തള്ളിക്കളയുന്ന തരത്തിലുള്ള പഠനത്തിനെതിരെയാണ് പത്രൊസ് ഇവിടെ താക്കീത് നല്കുന്നത്. മറ്റുള്ളവരുമായി ഇടപെടുന്നതിലൂടെ നമുക്ക് ഒരു സമൂഹമെന്ന നിലയിൽ ഒരുമിച്ച് വളരാം. ആത്മാവ് ആ സമൂഹവുമായും അതിലെ വ്യക്തികളുമായും പ്രവർത്തിക്കുന്നു. ഉൾക്കാഴ്ചകൾ പങ്കുവയ്ക്കുകയും, പരിഷ്കാരം വരുത്തുകയും, ആഴത്തിലാക്കുകയും ചെയ്യാം. എന്നാൽ മറ്റുള്ളവരിൽ നിന്നുള്ള ഊർജം സ്വീകരിക്കാതെ, ഏകനായി പ്രവർത്തിക്കുവാൻ, തെറ്റായ വ്യാഖ്യാനങ്ങളിലേക്ക് എത്തിച്ചേരാൻ സാദ്ധ്യതയുണ്ട്; പ്രത്യേകിച്ച് പ്രവചനം പോലുള്ള ഒന്നിൽ.

അടുത്ത വാക്യങ്ങളിൽ പത്രൊസിന് ഈ നിരീക്ഷണം നടത്താൻ ഒരു നല്ല കാരണം നാം കണ്ടെത്തുന്നു. വ്യാജ ഉപദേശകന്മാരും വ്യാജ പ്രവാചകരും അവർക്കിടയിലുള്ള ക്രിത്യാനികൾക്കുമാണ് പത്രൊസ് എഴുതുന്നത് (2 പത്രൊസ് 2:1). തിരുവെഴുത്തിനെക്കുറിച്ചുള്ള അവരുടെ വ്യാഖ്യാനം സഭ ഒന്നടങ്കമുള്ള നേതൃത്വത്തിന് കീഴ്പെടാൻ പത്രൊസ് അവരെ ആഹ്വാനം ചെയ്യുകയാണ്. ആത്മാവ് നയിക്കുന്ന ഒരു സമൂഹത്തിലെ വിശ്വാസികളുടെ ഉപദേശം ചെവിക്കൊള്ളുവാൻ വിസമ്മതിച്ച എത്രപേരാണ് തെറ്റിലേക്കും മതഭ്രാന്തിലേക്കും ഒലിച്ചുപോയത്? അത് അന്നൊരു അപകടമായിരുന്നു; ഇന്നും അങ്ങനെ അവശേഷിക്കുന്നു.

**ആകമാനമുള്ള സഭയുടെ ഉപദേശത്തിനും അഭിപ്രായത്തോടും തുറന്ന മനസ്സുള്ളവരായിരിക്കേണ്ടത് എന്തുകൊണ്ട് പ്രധാനമാണ്?**

**വ്യാഴം** **ജൂൺ 1**

## വചനം നമ്മുടെ ജീവിതങ്ങളിൽ

നാം കണ്ടതുപോലെ, വിശുദ്ധ തിരുവെഴുത്തുകളിൽ പത്രൊസ് വലിയ ഊന്നൽ നല്കി. തിരുവെഴുത്തുകളുടെ ദിവ്യമായ പ്രചോദനത്തിനും നമ്മുടെ ക്രിസ്തീയ അനുഭവത്തിനും ബൈബിളിന്റെ പ്രാധാന്യത്തിനു ശക്തമായ ഒരു ദൃഢപ്രതിജ്ഞയാണ്. 2 പത്രൊസ് 1:19–21; 2 പത്രൊസ് 1:21 ൽ അവന്റെ കാര്യം വളരെ വ്യക്തമാണ്. ബൈബിൾ മനുഷ്യ ഇച്ഛയുടെ ഉല്പന്നമല്ല, മറ്റ് പുസ്തകങ്ങളെ പോലെ മാനുഷിക ആസൂത്രണവുമല്ല. "ദൈവത്തിന്റെ വിശുദ്ധരിലൂടെ" പരിശുദ്ധാത്മാവിന്റെ ശക്തി പ്രവർത്തിച്ച് ഉണ്ടാക്കപ്പെട്ട ഒരു പുസ്തകമാണ് അത്.

**2 തിമൊഥെയൊസ് 3:15–17 വായിക്കുക. നമ്മുടെ ജീവിതങ്ങളിൽ തിരുവെഴുത്തുകൾക്കുള്ള പങ്ക് മനസ്സിലാക്കുവാൻ ഈ വാക്യങ്ങൾ നമ്മെ എങ്ങനെ സഹായിക്കും? അവ എങ്ങനെയാണ് 2 പത്രൊസ് 1:19–21 ലെ സത്യം നടപ്പിലാക്കുന്നത്?**

അവനും സഭയും നേരിടുന്ന അപകടങ്ങളെക്കുറിച്ച് തിമൊഥെയൊസിനെ താക്കീത് ചെയ്തിട്ട്, തിരുവെഴുത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു ബാഹ്യരേഖ നല്കുന്നു. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സത്പ്രവൃത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു" (2 തിമൊഥെയൊസ് 3:16).

നമുക്ക് ഈ മൂന്ന് കാര്യങ്ങൾ നോക്കാം.

**വിശ്വാസപ്രമാണം:–** വിശ്വാസപ്രമാണങ്ങൾ സഭയുടെ ഉപദേശങ്ങളാണ്. ദൈവവചനത്തിൽ പ്രധാനമായി കണക്കാക്കപ്പെടുന്ന വ്യത്യസ്ത ബൈബിൾ വിഷയങ്ങളിലുള്ള സമൂഹത്തിന്റെ വിശ്വാസങ്ങളെ അവ പ്രകടിപ്പിക്കുന്നു. ആദർശപരമായി, ഓരോ വിശ്വാസപ്രമാണവും ക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കണം.

ഓരോന്നും നമ്മെ "പൂർണമായ ദൈവഹിതപ്രകാരം" എങ്ങനെ ജീവിക്കണമെന്ന് പഠിപ്പിക്കുന്നതിൽ സഹായിക്കുന്നു (റോമർ 12:2).

**നടത്തിപ്പ്:-** പൗലൊസ് തിമൊഥെയൊസിനോട് "തിരുവെഴുത്ത്" "ശാസനയ്ക്കും" ഗുണീകരണത്തിനും... നീതിയിലെ... പ്രയോജനമുള്ളതുമാകുന്നു" (2 തിമൊഥെയൊസ് 3:16). ഇതുപോലെതന്നെയുള്ള ഒരു കാര്യമാണ് തിരുവെഴുത്ത് ഇരുട്ടിൽ പ്രകാശിക്കുന്ന ഒരു വെളിച്ചംപോലെയാണ് എന്ന് പത്രൊസ് പറയുമ്പോൾ (2 പത്രൊസ് 1:19). മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നാം എങ്ങനെ ജീവിക്കണമെന്നും, തെറ്റും ശരിയും എന്താണെന്നും ഉള്ളതിനെക്കുറിച്ച് തിരുവെഴുത്ത് മാർഗനിർദേശം നല്കുന്നു. പരിശുദ്ധാത്മാവിനാൽ പ്രചോദിതമായി, ദൈവയിഷ്ടം വെളിപ്പെട്ടിരിക്കുന്നതാണ് തിരുവെഴുത്ത്.

"രക്ഷയ്ക്ക് ജ്ഞാനിയാകുന്നു" "തിരുവെഴുത്ത് നമ്മെ രക്ഷയ്ക്കു ജ്ഞാനിയാക്കുന്നു"(2 തിമൊഥെയൊസ് 3:15) എന്ന് പൗലൊസ് പറയുമ്പോൾ തിരുവെഴുത്ത് നമ്മെ യേശുവിലേക്ക് ചൂണ്ടിക്കാണിക്കുന്നു എന്നാണവൻ പറയുന്നത്.

യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്ന വിശ്വാസത്തിൻ പുറത്താണ് രക്ഷ പണിയപ്പെട്ടിരിക്കുന്നത്. വിശ്വാസപ്രമാണം, ധാർമിക നിർദേശം, രക്ഷയെക്കുറിച്ചുള്ള ജ്ഞാനം: ദൈവവചനം "നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കയും... അതിനെ കരുതിക്കൊണ്ടാൽ നല്ലത് (2 പത്രൊസ് 1:19) ഇങ്ങനെയായതിൽ ആശ്ചര്യമൊന്നുമില്ല.

**വെള്ളി** **ജൂൺ 2**

**കൂടുതൽ ചിന്ത :** വിവേകമുള്ള ഓരോ വ്യക്തിയുടെയും ഒന്നാമത്തെയും ഏറ്റവും ഉന്നതമായ കടമയാണ് തിരുവെഴുത്തുകളിൽ നിന്നും സത്യം എന്താണെന്ന് പഠിക്കുകയും, പിന്നീട് അതിന്റെ വെളിച്ചത്തിൽ നടന്ന് ആ മാതൃക പിന്തുടർന്ന് മറ്റുള്ളവരെ അതിൽ നടക്കാൻ പ്രോത്സാഹിപ്പിക്കുക എന്നതും. നാം ദിനന്തോറും ബൈബിൾ ശുഷ്കാന്തിയോടെ പഠിക്കണം; എല്ലാ ചിന്തയും തൂക്കിനോക്കി തിരുവെഴുത്തിനെ തിരുവെഴുത്തുമായി താരതമ്യം ചെയ്തും ദിവ്യമായ സഹായത്തോടെ നാം സ്വയം അഭിപ്രായങ്ങൾ രൂപപ്പെടുത്തുകയും വേണം. കാരണം നാം ദൈവമുമ്പാകെ നമുക്കായി ഉത്തരം പറയേണ്ടതുണ്ട്.

"ബൈബിളിൽ വളരെ വ്യക്തമായി വെളിവാക്കപ്പെട്ടിരിക്കുന്ന സത്യങ്ങൾ പണ്ഡിതന്മാരിൽ സംശയവും അന്ധകാരവും ഉൾപ്പെടുത്തുന്നു. അവരാകട്ടെ വലിയ പരിജ്ഞാനം ഉണ്ടെന്ന ഭാവേന തിരുവെഴുത്തുകൾക്ക് ഉപയോഗിച്ചിരിക്കുന്ന ഭാഷയ്ക്ക് സ്പഷ്ടമല്ലാത്തതും നിഗൂഢവും, രഹസ്യവും, ആത്മീയവുമായ ഒരർത്ഥമുണ്ടെന്ന് പഠിപ്പിക്കുന്നു. ഇവർ വ്യാജ ഉപദേശകന്മാരാണ്. അപ്രകാരമുള്ള ഒരു കൂട്ടരോടാണ് യേശു പ്രഖ്യാപിച്ചത്. "നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടല്ലയോ തെറ്റിപ്പോകുന്നത്" (മർക്കൊസ് 12:24). ബൈബിളിലെ ഭാഷ അതിന്റെ വ്യക്തമായ അർത്ഥമനുസരിച്ച് വിശദീകരിക്കണം. അല്ലെങ്കിൽ അതിൽ

ഒരു അടയാളമോ അലങ്കാര രൂപമോ ഉപയോഗിച്ചിരിക്കണം. ക്രിസ്തു ആ വാഗ്ദത്തം നല്കിയിട്ടുണ്ട്: "അവന്റെ ഇഷ്ടം ചെയ്യുവാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്ന് അറിയും (യോഹന്നാൻ 7:17).

മനുഷ്യർ ബൈബിളിൽ എഴുതിയിരിക്കുന്നത് അതേപോലെ തന്നെ വായിച്ചിരുന്നെങ്കിൽ, അവരുടെ മനസ്സുകളെ ആശയക്കുഴപ്പത്തിലാക്കാനും വഴിതെറ്റിക്കുവാനും വ്യാജ ഉപദേശകന്മാരില്ലായിരുന്നുവെങ്കിൽ, ഇപ്പോൾ തെറ്റിൽ അലഞ്ഞു നടക്കുന്ന ആയിരങ്ങളെ ക്രിസ്തുവിന്റെ ആട്ടിൻകൂട്ടിലേക്ക് കൊണ്ടുവരികയും ദൂതന്മാരെ ആനന്ദിപ്പിക്കുകയും ചെയ്യുന്ന ഒരുവേല നേടിയെടുത്തേനെ." EGW, വൻപോരാട്ടം pp. 598,599.

**ചർച്ചാ ചോദ്യങ്ങൾ**

1. തിരുവെഴുത്തിന്റെ ഒരു വ്യക്തമായ തിരിച്ചറിവ് നേടുന്നതിന്റെ മറ്റ് എന്ത് സുപ്രധാന തത്വങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്?
2. മാർട്ടിൻ ലൂഥർ ഇങ്ങനെ എഴുതി: "തിരുവെഴുത്ത് തന്നെയാണ് അതിന്റെ സ്വന്തം വെളിച്ചം, അതുകൊണ്ട് അവൻ അർത്ഥമാക്കുന്നതു ബൈബിളിൽ അന്തലീനമായിരിക്കുന്ന ഒരു ഐക്യമുണ്ടെന്നും, ഒരുഭാഗം മറ്റ് ഭാഗങ്ങൾ മനസ്സിലാക്കുന്നതിൽ നമ്മെ സഹായിക്കുമെന്നാണ്. ഈ തത്വത്തെക്കുറിച്ച് നിങ്ങൾക്ക് കണ്ടെത്താവുന്ന ചില ഉദാഹരണങ്ങൾ എന്തൊക്കെയാണ്?
3. നിങ്ങളുടെ ക്രിസ്തീയ അനുഭവത്തെ വലിയതായി സ്വാധീനിച്ച ആ സംഭവത്തെക്കുറിച്ചോ സംഭവങ്ങളെക്കുറിച്ചോ ഉള്ള തിങ്കളാഴ്ചയിലെ ചോദ്യങ്ങൾക്കുള്ള നിങ്ങളുടെ ഉത്തരങ്ങൾ ക്ലാസിൽ പരാമർശിക്കുക. ആ സംഭവങ്ങൾക്ക് എന്താണ് പൊതുവിലുള്ളത്? എന്തെങ്കിലും ഉണ്ടെങ്കിൽ ഓരോരുത്തരുടെയും അനുഭവങ്ങളിൽ നിന്ന് നിങ്ങൾക്കെന്തു പഠിക്കുവാൻ കഴിയും?
4. എങ്ങനെയാണ് ബൈബിൾ പഠിക്കുന്നത്? കർത്താവുമായുള്ള നിങ്ങളുടെ നടപ്പിനെ ആഴത്തിലാക്കുന്നത് എന്ത് ആരെങ്കിലും ചോദിച്ചാൽ, നിങ്ങൾ എന്തു മറുപടി പറയും? അവന്റെ എഴുതപ്പെട്ട വചനത്തിലൂടെ കർത്താവായ യേശുവിനെ അറിയാൻ ശ്രമിക്കുന്ന നിങ്ങളുടെ സ്വന്തം അനുഭവത്തിൽ നിന്ന് നിങ്ങൾ എന്ത് തത്വങ്ങളാണ് പഠിച്ചത്?

✪ ✪ ✪ ✪